# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 26**

---

## എം.ജിയിൽ നാനോസയൻസ് പി.ജി; രണ്ടു വർഷത്തിനിടെ വിദേശത്ത് ഇന്റേൺഷിപ്പ് ലഭിച്ചത് 50 പേർക്ക്

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിലെ ബിരുദാനന്തര ബിരുദ വിദ്യാർഥികളിൽ അൻപതു പേർക്ക് കഴിഞ്ഞ രണ്ടു വർഷത്തിനിടെ വിദേശത്ത് ഇന്റേൺഷിപ്പ് ലഭിച്ചു.*

*നാനോ സയൻസിൽ സ്പെഷ്യലൈസേഷനുള്ള എംഎസ്സി ഫിസിക്സ്, എംഎസ്സി കെമിസ്ട്രി, എം.ടെക്, കണ്ണൂർ സർവകലാശാലയുമായി ചേർന്നു നടത്തുന്ന ജോയിന്റ് എംഎസ്സി ഫിസിക്സ്, കെമിസ്ട്രി പ്രോഗ്രാമുകളിലെ വിദ്യാർഥികളാണ് പ്രശസ്തമായ വിദേശ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് കരസ്ഥമാക്കിയത്.*

*അമേരിക്ക, ഫ്രാൻസ്, ഫിൻലാൻഡ്, കാനഡ, ദക്ഷിണാഫ്രിക്ക, ചൈന തുടങ്ങിയ രാജ്യങ്ങളിലെ വിഖ്യാത ഗവേഷണ സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. മുംബൈയിലെ ഭാഭ ആണവ ഗവേഷണ കേന്ദ്രം, വിവിധ ഐഐടികൾ, ബംഗളുരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങി ഇന്ത്യയിലെ പ്രമുഖ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭിച്ചവരുമുണ്ട്.*

*നാനോ ടെക്നോളജി മേഖലയിലെ നൂതന പ്രോജക്ടുകളുടെ ഭാഗമാകുന്ന വിദ്യാർഥികൾക്ക് നിരവധി ഫെലോഷിപ്പുകളും സംയുക്ത പ്രസിദ്ധീകരണങ്ങൾക്കുള്ള അവസരവും ലഭിക്കുന്നുണ്ട്. മുൻ ബാച്ചുകളിലെ വിദ്യാർഥികളിൽ പലർക്കും വിദേശ ഇന്റേൺഷിപ്പുകളുടെ തുടർച്ചയായി അവിടെ തന്നെ പിഎച്ച്ഡിക്ക് അവസരവും ജോലിയും ലഭിച്ചു.*

*പി.ജി പ്രോഗ്രാമുകളുടെ 2025 ബാച്ചിൽ പ്രവേശനത്തിന് മെയ് 31വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ* (https://nnsst.mgu.ac.in)

***(പി.ആർ.ഒ/39/1618/2025)***

## ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, തൃശൂർ ദയ ജനറൽ ആശുപത്രിയുടെ സഹകരണത്തോടെ നടത്തുന്ന ബേസിക് ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ ( പ്രീ ഹോസ്പിറ്റൽ മെഡിക്കൽ എമർജൻസി കെയർ: ഹാൻഡ്സ് ഓൺ ട്രെയിനിംഗ് പ്രോഗ്രാം) പ്രവേശനം നേടാം.*

*പ്ലസ് ടൂ അല്ലെങ്കിൽ പ്രീഡിഗ്രി വിജയിച്ചവരെയാണ് പരിഗണിക്കുന്നത്. ഞായറാഴ്ച്ചകളിൽ സർവകലാശാലയിലാണ് ക്ലാസ് നടക്കുക. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും കോപ്പികളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകളും കോഴ്സ് ഫീസുമായി ജൂൺ അഞ്ചിന് വകുപ്പിൽ എത്തണം. ഫോൺ- 0481-2733399, 08301000560.*

*(പി.ആർ.ഒ/39/1619/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി മൈക്രോബയോളജി, എംഎസ്സി ഫിസിക്സ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ഒൻപതു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1620/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ ബിസിഎ, ബിഎസ്സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 ട്രിപ്പിൾ മെയിൻ സിബിസിഎസ് (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) സോഫ്റ്റ് വെയർ ലാബ് -4 പ രീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒൻപത്, പത്ത് തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................

*നാലാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ,*

*2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മാർച്ച് 2025) ബിഎ മ്യൂസിക്ക് വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒൻപത്, പത്ത് തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1621/2025)*

## പരീക്ഷാ തീയതി

*നാലു മുതൽ ആറു വരെ സെമസ്റ്ററുകൾ ബിഎച്ച്എം (പഴയ സ്കീം-2016 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2013 മുതൽ 2015 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 16 മുതൽ നടക്കും.*

..........................

*അഫിലിയേറ്റഡ് കോളജുകളിലെ എൽഎൽബി(ബിഎ ക്രിമിനോളജി),പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽഎൽബി (ഓണേഴ്സ് 2011 അഡ്മിഷൻ), ത്രിവത്സര എൽഎൽബി (സെമസ്റ്റർ 2000-2014 അഡ്മിഷൻ), പഞ്ചവത്സര എൽഎൽബി(സെമസ്റ്റർ 2000-2010 അഡ്മിഷൻ) പരീക്ഷകളുടെ അവസാന മെഴ്സി ചാൻസ്, അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ ജൂൺ 20 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1622/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ എൽഎൽഎം (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ രണ്ടു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ മൂന്നു വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ നാലു വരെയും അപേക്ഷ സ്വീകരിക്കും.*

..........................

*നാലാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംസിജെ, എംഎസ്ഡബ്ല്യൂ, എംടിഎ, എംടിടിഎം, എംഎച്ച്എം, എംഎംഎച്ച് (സിഎസ്എസ് 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂൺ 17 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 18 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 19 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1623/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**